(ബി) കൊയിലാണ്ടി മണ്ഡലത്തിൽ ടൂറിസം വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

| | | | |
|---|---|---|---|
| 1. | കാപ്പാട് ബീച്ച് ഡെസ്റ്റിനേഷൻ | - | 150 ലക്ഷം രൂപ |
| 2. | ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് | - | 13,27,68,000 രൂപ |
| 3. | കാപ്പാട് സുനാമി പദ്ധതി | - | 5.35 കോടി രൂപ |
| 4. | കാപ്പാട് ബീച്ചിന്റെ ടൂറിസം അടിസ്ഥാന സൗകര്യം | - | 92.02 ലക്ഷം രൂപ |

**ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ**

**92 (1562)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ എല്ലാ നിയമസഭാ മണ്ഡലത്തിലും രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ ഡി. എം. സി. കളാണ് പ്രവർത്തനം നടത്തിവരുന്നത് ; എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഡി.എം.സി.-കൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പണം വകയിരുത്തുന്നതിന് നടപടിയെടുക്കുമോ ; ഇപ്പോൾ ഡി.എം.സി കളുടെ ചെലവ് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഡി.എം.സി.-കളെ കാലാകാലങ്ങളിൽ മോണിറ്റർ ചെയ്യുന്നതിന് നടപടിയെടുക്കുമോ ?

**ഉത്തരം**

(എ) ഇല്ല.

(ബി) അരൂർ, കുട്ടനാട് എന്നിവിടങ്ങളിൽ ഡി.എം.സി.-കൾ പ്രവർത്തനം നടത്തിവരുന്നു. ഡെസ്റ്റിനേഷന്റെ പരിധിയിൽ വരുന്ന സ്ഥാവര ജംഗമ വസ്തുക്കളുടെ മാനേജ്മെന്റ്, ടൂറിസം ഡെസ്റ്റിനേഷനുകളിൽ പൂർത്തീകരിക്കുന്ന പദ്ധതികളുടെ പരിപാലനം, ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യം, സുരക്ഷ, സംരക്ഷണം, പുതിയ പദ്ധതികളുടെ ആവിഷ്കരണം അനധികൃത കൈയ്യേറ്റം തടയൽ തുടങ്ങിയവയാണ് ഡി.എം.സി.-യുടെ പ്രധാന പ്രവർത്തനങ്ങൾ.

(സി) ഡി.എം.സി.-കൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പണം വകയിരുത്തുന്നത് പ്രായോഗികം ആണെന്ന് കരുതുന്നില്ല. ഡി.എം.സി. പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ ടൂറിസം പദ്ധതികളിൽനിന്നും ലഭിക്കുന്ന വരുമാനമാണ് ഇവയുടെ പ്രധാന സാമ്പത്തിക സ്രോതസ്.

(ഡി) കാലാകാലങ്ങളിൽ മോണിറ്റർ ചെയ്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly